"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - നെല്ല് സംഭരണം സംബന്ധിച്ചുള്ള വിഷയങ്ങൾ പരിഗണിച്ച് മന്ത്രിസഭാ ഉപസമിതി മുൻപാകെ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ-പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.438/2023/F&CS തീയതി,തിരുവനന്തപുരം, 04-11-2023

---

പരാമർശം:- 1. 30.06.2023ലെ സ.ഉ.(കൈ)നം.9/2023/F&CS നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

നെല്ല് സംഭരണം സംബന്ധിച്ചുള്ള വിഷയങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയോ ശിപാർശകൾ സമർപ്പിക്കുകയോ ചെയ്യുന്നതിനായി പരാമർശം (1)ലെ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി 2023 ഒക്ടോബർ 27ന് ഓൺലൈനായി യോഗം ചേർന്നിരുന്നു. തടസ്സമില്ലാത്ത നെല്ല് സംഭരണവും കർഷകർക്കുള്ള പേയ്മെന്റും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി മുൻപാകെ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ അംഗീകരിച്ചു ഉത്തരവാകുന്നു.

1. നോഡൽ ഏജൻസി എന്ന നിലയിൽ മുൻകാലങ്ങളിൽ ചെയ്തതുപോലെ, ഈ സീസണിലും നെല്ല് സംഭരണ പ്രക്രിയ തുടരാൻ സപ്ലൈകോയെ ചുമതലപ്പെടുത്താവുന്നതാണ്.

2. നെല്ല് ഈടായി നൽകാനായില്ലെങ്കിൽ സപ്ലൈകോയ്ക്ക് അധിക ധനസഹായം നൽകുന്നതിന് കേരള ബാങ്കിന് ഉള്ള പരിമിതികൾ കണക്കിലെടുത്ത്, ഈ ക്രമീകരണം കൂടുതൽ സുസ്ഥിരമായി പുനഃക്രമീകരിക്കുന്നത് വരെ സപ്ലൈകോയും ബാങ്കുകളുടെ കൺസോർഷ്യവും തമ്മിലുള്ള നിലവിലെ സാമ്പത്തിക ക്രമീകരണം തുടരാവുന്നതാണ്.

3. സപ്ലൈകോയും, ബാങ്കുകളുടെ കൺസോർഷ്യവും തമ്മിലുള്ള കരാറിൽ നിർദ്ദേശിച്ച പ്രകാരം, ESCROW അക്കൗണ്ട് ക്രമീകരണം തുടരാൻ അനുവദിക്കാവുന്നതാണ്. കൂടാതെ സപ്ലൈകോയ്ക്ക് അനുവദിച്ച എല്ലാ സർക്കാർ ഫണ്ടുകളും ഈ ESCROW അക്കൗണ്ടിലേക്ക് റിലീസ് ചെയ്യാവുന്നതാണ്. മേല്പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നത് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നത് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം.

A. ESCROW അക്കാണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഫണ്ടുകളുടെ നിയന്ത്രണം സപ്ലൈകോയ്ക്ക് മാത്രമായിരിക്കും, ഈ ഫണ്ടുകൾ എങ്ങനെ വിനിയോഗിക്കണം എന്ന കാര്യത്തിൽ കൺസോർഷ്യം ഇടപെടാൻ പാടില്ല.

B. ഈ ഫണ്ടുകൾ കർശനമായും സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വിനിയോഗിക്കും.

C. പ്രവർത്തന മൂലധന വായ്പയിലേക്കുള്ള പ്രതിമാസ പലിശയടവ് കൺസോർഷ്യത്തിന് കൃത്യസമയത്തും, തടസ്സമില്ലാതെയും നൽകുന്നുണ്ടെന്ന് സപ്ലൈകോ ഉറപ്പാക്കണം.

4. കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ പണം വിതരണം ചെയ്യാനും, നെല്ല് സംഭരണത്തിന്റെ ക്ലെയിം ചെയ്യാനും, അതിന്റെ തുടർന്നുള്ള സംസ്കരണത്തിനും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ പൊതുവിതരണ സംവിധാനത്തിലേക്ക് അരി വിതരണം ചെയ്യുന്നതിനും സപ്ലൈകോയെ അനുവദിക്കാവുന്നതാണ്.

5. കർഷകർക്കുള്ള പേയ്മെന്റ് തടസ്സമില്ലാതെ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ, താഴെ പറയുന്നവ നടപ്പിലാക്കാൻ സപ്ലൈകോയെ അനുവദിക്കാവുന്നതാണ്:

A. സംഭരിച്ച നെല്ലിന് കർഷകർക്ക് പി.ആർ.എസ് വായ്പ വഴി പണം നൽകാൻ ആരംഭിക്കുക.

B. കൺസോർഷ്യത്തിൽ ശേഷിക്കുന്ന ക്യാപ് സ്പേസ് ആയ 170 കോടി രൂപയുടെ പി.ആർ.എസ് വായ്പകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

C. കൺസോർഷ്യം ബാങ്കുകളിൽ നിലവിലുള്ള പി.ആർ.എസ് വായ്പകൾ അടയ്ക്കുന്നതിന്, സർക്കാരിൽ നിന്നും സപ്ലൈകോകോയ്ക്ക് ലഭിക്കാനുള്ള 200 കോടി ഉപയോഗിക്കുക.

D. തത്തുല്യ തുകയുടെ പുതിയ പിആർഎസ് വായ്പകൾ എടുക്കുക (മുകളിൽ C യിൽ സൂചിപ്പിച്ചത്) കർഷകർക്ക് പേയ്മെന്റുകൾ നടത്തുന്നതിന് ഇത് പ്രയോജനപ്പെടുത്തുക.

E. കൂടാതെ, നെല്ല് സംഭരണത്തിനായി സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ നിന്ന് ലഭ്യമാവുന്ന ഫണ്ട് നിലവിലുള്ള പി.ആർ.എസ് വായ്പകൾ അടയ്ക്കുന്നതിനും പുതിയവ എടുക്കുന്നതിനും ഉപയോഗിക്കുക.

6. കർഷകർക്കുള്ള പണം സമയനിഷ്ഠമായി വിതരണം ചെയ്യുന്നുവെന്ന് സപ്ലൈകോ ഉറപ്പ വരുത്തേണ്ടതാണ്. പണമടയ്ക്കുന്നതിലെ കാലതാമസമൊഴിവാക്കുന്നതിനും, കർഷകരിൽ നിന്നും ബാങ്കുകളിൽ നിന്നും പൂർണ്ണമായ പിന്തുണയും, സഹകരണവും ഉറപ്പാക്കുന്നതിനും, സപ്ലൈകോ എല്ലാ പങ്കാളികളുമായും കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ നടത്തേണ്ടതും, സ്ഥിതിഗതികൾ അവലോകനം ചെയ്യേണ്ടതും എല്ലാ മാസവും ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

7. സപ്ലൈകോയിൽ നെല്ലുസംഭരണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എല്ലാ ഡെപ്യൂട്ടേഷൻ ഒഴിവുകളും സമയബന്ധിതമായി നികത്താൻ കൃഷിവകുപ്പിന് നിർദേശം നൽകാം, കൂടാതെ ഈ പ്രക്രിയയിൽ മുൻ പരിചയമുള്ള ഉദ്യോഗസ്ഥർക്ക് ഡെപ്യൂട്ടേഷനിൽ മുൻഗണന നൽകണമെന്നത് കൃഷിവകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്

ഭക്ഷ്യ-പൊതുവിതരണ വകുപ്പു സെക്രട്ടറിയുടെ സിഎക്ക്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) തിരുവനന്തപുരം.
അഡീഷണൽ സെക്രട്ടറി I & II
പൊതുഭരണ (എസ്.സി) വകപ്പ്
കരുതൽ ഫയൽ'/ഓഫീസ് കോപ്പി (FCSD-C1/93/2023-F&CSD)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari I S
സെക്ഷൻ ഓഫീസർ
Date: 04-11-2023 12:10:41